## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3619   15.05.2017 -ൽ മറുപടിക്ക്**

## കരമന കളിയിക്കാവിള രണ്ടാം ഘട്ട റോഡ് വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>,, കെ.മുരളീധരൻ<br>,, കെ.എസ്.ശബരീനാഥൻ<br>,, എം. വിൻസെന്റ് | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കരമന കളിയിക്കാവിള രണ്ടാം ഘട്ട റോഡ് വികസനം ഏത് ഘട്ടത്തിലാണ്; | (എ) രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായുള്ള വഴിമുക്ക് (കി.മീ 575/500) മുതൽ കളിയിക്കാവിള (കി.മീ.599/000) വരെയുള്ള 17 കി.മീ റോഡിന്റെ അലൈൻമെന്റിന്റെ കരട് പൊതുമരാമത്ത് ഡിസൈൻ വിഭാഗം തയ്യാറാക്കുകയുണ്ടായി. ഫീസിബിലിറ്റി സ്റ്റഡിയ്ക്ക് ശേഷം അതിലെ നിർദ്ദേശങ്ങളും ജംഗ്ഷൻ ഡിസൈനും ഉൾപ്പെടുത്തി ഫൈനൽ അലൈൻമെന്റ് തയ്യാറാക്കുന്ന നടപടി അവസാന ഘട്ടത്തിലാണ്. കൂടാതെ ഒന്നാം ഘട്ടം രണ്ടാം റീച്ചായ പ്രാവച്ചമ്പലം (575/500) മുതൽ വഴിമുക്ക് (582/000) വരെയുള്ള 6.5 കി.മീ റോഡ് വികസനവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾക്കായുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലാകളക്ടറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.50 കി.മീ ഭാഗത്തെ വികസനത്തിനാണ് കിഫ്ബിയിൽ നിന്നും 153.27 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള 5 കി.മീ ഭാഗത്തുള്ള സ്ഥലമേറ്റെടുക്കുന്നതിനാവശ്യമായ 266.87 കോടി രൂപ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ഏറ്റെടുത്ത ഭാഗത്തെ കെട്ടിടങ്ങൾ പൊളിക്കുന്ന പണി പുരോഗതിയിലാണ്. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.50 കി.മീ ഭാഗത്തെ സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ 98.10 കോടി രൂപയുടെ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | രണ്ടാം ഘട്ടം റോഡ് നിർമ്മാണ ത്തിനുള്ള സ്ഥലം വിട്ടു കൊടുത്ത ഭൂവുടമകൾക്കുള്ള നഷ്ട പരിഹാര തുക കുടിശ്ശിക മാർച്ച് 31 ന് മുമ്പ് നൽകാമെന്ന് കളക്ടർ വിളിച്ചു കൂട്ടിയ ഭൂവുടമകളുടെ യോഗത്തിൽ ഉറപ്പു നൽകിയിരുന്നോ; | (ബി) & (സി) | പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള സ്ഥലമേറ്റെടുക്കുന്നതിനു വേണ്ടി ലഭിച്ച 266.87 കോടി രൂപ ഭൂമി ഉടമകൾക്ക് നൽകുന്നതിനായി റവന്യൂ വകുപ്പിന് മാർച്ച് 31 ന് മുമ്പ് കൈമാറിയിരുന്നു. പ്രസ്തുത ഭൂവുടമകളുടെ യോഗം വിളിച്ചു ചേർത്തിട്ടില്ല. |
| (സി) | എങ്കിൽ പ്രസ്തുത ഉറപ്പ് പാലിക്കപ്പെടാ ത്തതിന്റെ കാരണമെന്താണ്; | | |
| (ഡി) | നഷ്ട പരിഹാരം അടിയന്തരമായി നൽകി ഏറ്റെടുത്ത സ്ഥലത്തെ കെട്ടിടങ്ങൾ പൊളിച്ചു മാറ്റി റോഡ് വികസനം ഊർജ്ജിതപ്പെടുത്തുമോ? | (ഡി) | നഷ്ടപരിഹാര തുക അടിയന്തിരമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. റവന്യൂ വകുപ്പ് ഏറ്റെടുത്ത് കൈമാറിയ ഭാഗത്തെ കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്ന പ്രവൃത്തികൾ പുരോഗ തിയിലാണ്. സ്ഥലമേറ്റെടുത്ത് കഴിഞ്ഞാൽ പ്രവൃത്തി ആരംഭിക്കുന്നതാണ്. |

S. Bindu

**സെക്ഷൻ ഓഫീസർ**